**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1209** **02-02-2026 - ൽ മറുപടിയ്ക്ക്**

**സാംസ്കാരിക രംഗത്ത് നടപ്പാക്കിയ പ്രധാന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നിലവിലുള്ള സർക്കാരിന്റെ കാലയളവിൽ സാംസ്കാരിക രംഗത്ത് നടപ്പാക്കിയ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (എ) | നിലവിലുള്ള സർക്കാരിന്റെ കാലയളവിൽ സാംസ്കാരിക രംഗത്ത് നടപ്പാക്കിയ പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ചതും ഈ സർക്കാരിന്റെ കാലത്ത് തുടർന്ന് വന്നതുമായ പദ്ധതികളായ യുവകലാകാരൻമാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി, ഗ്രാമീണ കലാകേന്ദ്രം പദ്ധതി, കേരള സംസ്കാര വ്യാപനം, സാംസ്കാരിക പ്രവർത്തനങ്ങൾക്കും സംഘടനകൾക്കുമുള്ള ധനസഹായം, മൺമറഞ്ഞ കലാകാരൻമാരുടെയും സാഹിത്യകാരൻ മാരുടെയും സ്മാരകങ്ങൾക്കുള്ള ധനസഹായം, മഹാത്മാഗാന്ധിയുടെ 70-ാമത് രക്തസാക്ഷ്യം, നാട്ടരങ്ങ് എന്നിവയുമായി ബന്ധപ്പെട്ട പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിയിരുന്നു. നിലവിലെ സർക്കാരിന്റെ കാലത്ത് മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന്, ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ, തൃശ്ശൂർ ജില്ലയിലെ അന്നമനട എന്നിവിടങ്ങളിൽ നാട്ടരങ്ങിന്റെ നിർമ്മാണം പൂർത്തിയായി. എറണാകുളം ജില്ലയിലെ ആലങ്ങാട് നിർമ്മാണം അന്തിമഘട്ടത്തിലാണ്.<br><br>നിലവിലെ സർക്കാരിന്റെ കാലത്ത് പുതുതായി ആരംഭിച്ച മഴമിഴി, 'സമം' - ലിംഗ സമത്വത്തിനായൊരു സാംസ്കാരിക മുന്നേറ്റം എന്നീ പദ്ധതികളുടെ ഭാഗമായി നിരവധി സാംസ്കാരിക പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ ഫ്രീഡം മെമ്മോറിയൽ പാർക്ക് നിർമ്മാണം പൂർത്തിയാവുകയും ബഹു. സാംസ്കാരിക വകുപ്പ് മന്ത്രി 26/01/2024-ന ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. വൈക്കം സത്യാഗ്രഹം - ശതാബ്ദി ആഘോഷം |

എന്നിവയുമായി ബന്ധപ്പെട്ടും വിവിധ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിയിരുന്നു.

2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നവോത്ഥാന നായകരുടെ നാമധേയത്തിൽ സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം ആരംഭിച്ച കൊല്ലം ജില്ലയിലെ ശ്രീനാരായണ ഗുരു സാംസ്കാരിക സമുച്ചയത്തിന്റെ ഉദ്ഘാടനം 04.05.2023നും പാലക്കാട് വി. ടി. ഭട്ടതിരിപ്പാട് സാംസ്കാരിക സമുച്ചയത്തിന്റെ ഉദ്ഘാടനം 18.05.2025 നും ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി നിർവ്വഹിച്ചു. കൊല്ലം ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയത്തിൽ ലോകപ്രശസ്ത ചിത്രകാരൻ എ. രാമചന്ദ്രന്റെ മുന്നൂറ് കോടി രൂപ മൂല്യമുള്ള ചിത്രങ്ങൾ സൂക്ഷിക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനുമുള്ള ആർട്ട് ഗ്യാലറി 2025 ഒക്ടോബർ 5-ന് ബഹു. മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത് പൊതുജനങ്ങൾക്കായി തുറന്ന് കൊടുത്തിട്ടുണ്ട്. കൂടാതെ 8 അടി ഉയരവും 5 അടി വീതിയുമുള്ള ശ്രീനാരായണഗുരുവിന്റെ വെങ്കല പ്രതിമ 19.01.2026-ന് ബഹു. മുഖ്യമന്ത്രി അനാഛാദനം ചെയ്തിട്ടുണ്ട്. നിലവിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള വാടകയുടെ അടിസ്ഥാനത്തിൽ 04.11.2023 മുതൽ കൊല്ലം സമുച്ചയത്തിലെ വിവിധ സൗകര്യങ്ങൾ പൊതുപരിപാടികൾ സംഘടിപ്പിക്കുന്നതിന് നൽകി വരുന്നു. കാസർഗോഡ് സുബ്രമണ്യൻ തിരുമുൻപ് സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ആയത് ഉദ്ഘാടന സജ്ജമായി വരുന്നു. ബാക്കിയുള്ള ജില്ലകളിൽ ഭൂമി കണ്ടെത്തുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനായുള്ള നടപടികൾ പുരോഗമിക്കുന്നു.

തലസ്ഥാനത്ത് 20 വേദികളിലായി 2023 നവംബർ 1 മുതൽ 7 വരെ കലാ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നതിന് തീരുമാനിക്കുകയും 4000 - ൽ അധികം കലാകാരന്മാർ 300 ഓളം കലാരൂപങ്ങൾ വിവിധ വേദികളിലായി കേരളീയം എന്ന പേരിൽ സംഘടിപ്പിച്ചു. വിവിധ മേഖലകളിലുള്ളവരുമായി ബഹു. മുഖ്യമന്ത്രി സംവദിക്കുന്ന മുഖാമുഖം 2024 ഫെബ്രുവരി 25 നും പരസ്പരം 2025 മെയ് 19 നും സംഘടിപ്പിച്ചിരുന്നു. ശ്രീനാരായണഗുരു ആലുവയിൽ നടത്തിയ സർവ്വമത സമ്മേളനത്തിന്റെ നൂറാം വാർഷികത്തോടനുബന്ധിച്ച് കേരളത്തിലെ വിവിധ ജില്ലകളിൽ വെച്ച് ശതാബ്ദി ആഘോഷ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. കൂടാതെ വൈക്കം സത്യാഗ്രഹ ഓർമ്മയ്ക്കായി 603

ദിവസം നീണ്ടുനിൽക്കുന്ന ആഘോഷ പരിപാടികൾക്ക് വൈക്കത്ത് തുടക്കമാവുകയും ടി പരിപാടി ഉദ്ഘാടനം കേരള-തമിഴ്നാട് മുഖ്യമന്ത്രിമാർ സംയുക്തമായി നിർവഹിക്കുകയും ചെയ്തു. സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ച് ആസാദി കാ അമൃത് മഹോത്സവ് ആചരണത്തിന്റെ ഭാഗമായി ധീരദേശാഭിമാനികളെ പുതുതലമുറയ്ക്ക് പരിചയപ്പെടുത്തുന്നതിനായി 2022-23 സാമ്പത്തിക വർഷം വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ സഹകരണത്തോടെ സംസ്ഥാനത്തൊട്ടാകെ നിരവധി പരിപാടികൾ സംഘടിപ്പിച്ചു.

കേരളത്തിൽ അവശതയനുഭവിക്കുന്നതും സാമ്പത്തിക പ്രയാസം നേരിടുന്നതുമായ 60 വയസ് തികഞ്ഞ കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും പ്രതിമാസ സാമ്പത്തിക സഹായം എന്ന നിലയിൽ 1600/- രൂപ നിരക്കിൽ പെൻഷൻ നൽകി വരുന്നത് 2000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിലെ സർക്കാരിന്റെ കാലത്ത് അശരണരും രോഗബാധിതരുമായ 73 കലാകാരന്മാർക്കായി 32,94,549/-രൂപ ചികിത്സാ സഹായമായി അനുവദിച്ചിട്ടുണ്ട്.

മൺമറഞ്ഞ കലാകാരൻമാരുടേയും നവോത്ഥാന നായകരുടേയും സ്മരണാർത്ഥം സാംസ്കാരിക വകുപ്പിന് കീഴിൽ സ്മാരകം നിർമ്മിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നിരവധി സ്മാരകങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പ്രാദേശിക പ്രകടന കലകളെയും കരകൗശലങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിലേക്ക് ഒരു ബഹുമുഖ സാംസ്കാരിക കേന്ദ്രം പിണറായിയിൽ (ഗ്ലോബൽ ആർട്ട് കൺവർജൻസ് സെന്റർ) സ്ഥാപിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടും, സാംസ്കാരിക വകുപ്പ് മുഖേനയുള്ള സർക്കാർ ധനസഹായവും വിനിയോഗിച്ച് ചെങ്ങന്നൂരിൽ സാംസ്കാരിക സമുച്ചയ നിർമ്മാണം നടന്നു വരുന്നു. എം. എൽ. എ. യുടെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കുന്ന സമുച്ചയ കെട്ടിടവും അതിനോട് ചേർന്ന് സാംസ്കാരിക വകുപ്പ് മുഖേനയുള്ള സർക്കാർ ധനസഹായം വിനിയോഗിച്ച് നിർമ്മിക്കുന്ന ആഡിറ്റോറിയവും അടങ്ങുന്നതാണ് പ്രസ്തുത നിർമ്മാണം.

ജസ്റ്റിസ് ഹേമ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സിനിമാ നയ രൂപീകരണം സാധ്യമാക്കുന്നതിന് സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 2025 ഓഗസ്റ്റ് 2, 3 തിയതികളിൽ കെ.എസ്.എഫ്.ഡി.സി. യുടെ നേതൃത്വത്തിൽ ഫിലിം

| | | | |
|---|---|---|---|
| | | | കോൺക്ലേവ് സംഘടിപ്പിക്കുകയുണ്ടായി. "വിശ്വാസം, മൈത്രി, മാനവികത" എന്ന വിഷയത്തിൽ സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് ജില്ലകളിൽ വെച്ച് യഥാക്രമം 2025 ഒക്ടോബർ 28, 31 നവംബർ 4 തീയതികളിൽ വിപുലമായ സമ്മേളനങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. കേരള സംസ്ഥാനം രൂപീകരിച്ചിട്ട് 75 വർഷം പൂർത്തിയാകുന്ന 2031 ൽ കേരളത്തിന്റെ കഴിഞ്ഞകാല വളർച്ചയെ വിലയിരുത്തുന്നതിനും ഭാവി വികസന ലക്ഷ്യങ്ങൾ ആസൂത്രണം ചെയ്യുന്നതിനും 2031 ൽ കേരളം എങ്ങനെയിരിക്കണം എന്ന വിപുലമായ കാഴ്ചപ്പാട് രൂപീകരിക്കുന്നതിനും ആശയങ്ങൾ ശേഖരിക്കുന്നതിനുമായി "വിഷൻ 2031" എന്ന പരിപാടി നടത്തുന്നതിന് സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ടി പരിപാടിയിൽ അവതരിപ്പിക്കുന്നതിന് വേണ്ടി സാംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2025 നവംബർ 3 ന് തൃശ്ശൂരിൽ കേരള സംഗീത നാടക അക്കാദമിയിൽ വെച്ച് സെമിനാറുകൾ സംഘടിപ്പിച്ചിരുന്നു. 2025 ഡിസംബർ 20, 21, 22 തീയതികളിൽ എറണാകുളത്ത് വിവിധ വേദികളിൽ വച്ച് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കലാസാംസ്കാരിക പ്രവർത്തകരെ സംഘടിപ്പിച്ച് ബഹു മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഇന്ത്യൻ കൾച്ചറൽ കോൺഗ്രസ് നടത്തിയിരുന്നു. |

സെക്ഷൻ ഓഫീസർ